**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 348** | **06-08-2021 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക നയ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശാസ്ത്രാവബോധമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിന് അനുയോജ്യമായ വിധത്തിൽ ഒരു സാംസ്കാരിക നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ശാസ്ത്രീയവും പുരോഗമനപരവുമായ ആശയങ്ങളുടെ അടിസ്ഥാനത്തിൽ മാനവിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സാംസ്കാരിക നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സാംസ്കാരിക സംഘടനകളുടെ പേരിൽ നടത്തുന്ന പിന്തിരിപ്പൻ ആശയങ്ങളുടെ പ്രചാരണം നിഷ്ഫലമാക്കാൻ നടപടിയുണ്ടാകുമോ; | (ബി) | ബി) &സി) സാമൂഹിക ഐക്യവും മതനിരപേക്ഷതയും പുരോഗമന ആശയങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള വിപുലമായ ഒരു സാംസ്കാരിക വിദ്യാഭ്യാസ പരിപാടി സാംസ്കാരികകാര്യ വകുപ്പ് തയ്യാറാക്കി വരികയാണ്. സ്ത്രീസമത്വം, സ്ത്രീസുരക്ഷ തുടങ്ങിയ വിഷയങ്ങളിലെ പ്രചരണ പരിപാടികൾക്കായി 'സമം' എന്ന പേരിൽ ഒരു പരിപാടി ഇതിനകം ആരംഭിച്ച് കഴിഞ്ഞു. വിവിധ യുവജനക്ഷേമ ഏജൻസികളെയും യുവജന സംഘടനകളെയും ഏകോപിപ്പിച്ച് കൊണ്ട് വിപുലമായ ഒരു സാംസ്കാരിക വിദ്യാഭ്യാസ പ്രചരണ പരിപാടി തയ്യാറാക്കി വരികയാണ്. സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുവെ ജാതിമത വ്യവസ്ഥകൾക്കതീതമായതും സാമൂഹ്യ ഐക്യത്തിൽ ഊന്നിയതുമാണ്. കേരളത്തിലെ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന ഒരു സുപ്രധാന പദ്ധതി സർക്കാർ നടപ്പിലാക്കി വരികയാണ്. ജാതിമത ഭേദമന്യേ കേരളത്തിന്റെ സാമൂഹിക ഐക്യത്തിനും നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനും നിലകൊണ്ട 14 നവോത്ഥാന നായകരുടെ നാമധേയമാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾക്ക് നൽകിയിട്ടുള്ളത്. സാംസ്കാരിക ഡയറക്ടറേറ്റ് മുഖേന 38 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്. ഈ സ്ഥാപനങ്ങൾ കലാസാംസ്കാരിക മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രശസ്തരായ കലാകാരന്മാരുടെ |

നാമധേയത്തിൽ ഉള്ളതും അതാത് പ്രദേശത്തെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവയുമാണ്. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും പൈതൃകത്തെ സംരക്ഷിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് റൂറൽ ആർട്ട് ഹബ്ബ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ വ്യത്യസ്തങ്ങളായ പാരമ്പര്യ കരകൗശല രൂപങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കേരളത്തിലെ കലാ സാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 47കലാരൂപങ്ങളിൽ കലാപരിശീലനം നൽകി വരുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ നാടൻ കലാരൂപങ്ങളും വിവിധ പാരമ്പര്യ കലകളും ഉൾപ്പെടുന്നുണ്ട്. സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന ഇത്തരം പദ്ധതികളിലൂടെ സമൂഹത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നതിനും സാംസ്കാരിക രംഗം ശക്തിപ്പെടുത്തുന്നതിനും സാധ്യമാകുന്നുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് പയ്യന്നൂർ, തവനൂർ, പാലക്കാട്, വൈക്കം, വെങ്ങാനൂർ എന്നീ അഞ്ച് പ്രധാന കേന്ദ്രങ്ങളിൽ മഹാത്മാഗാന്ധിയുടെ എഴുപതാം രക്തസാക്ഷിത്വ വാർഷികാചരണ പരിപാടിയായ 'രക്തസാക്ഷ്യം' സാംസ്കാരിക വകുപ്പ് ആചരിക്കുകയും രക്തസാക്ഷ്യം സോവനീർ പ്രസിദ്ധീകരിക്കുകയും ചെയ്തു. സാംസ്കാരിക രംഗം ശക്തിപ്പെടുത്തുന്നതിന് നവോത്ഥാന/ മാനവിക ആശയങ്ങൾ ഉൾക്കൊള്ളുന്ന കവിതകൾ കേരളനടനത്തിൽ ചിട്ടപ്പെടുത്തി സാംസ്കാരിക വകുപ്പ് നവമാധ്യമങ്ങളിലൂടെയും സാംസ്കാരിക വേദിയിലൂടെയും അവതരിപ്പിച്ചുവരുന്നു. ശ്രീനാരായണ ഗുരുവിന്റെ "ദൈവദശകം", കുമാരനാശാന്റെ "ചണ്ഡാല ഭിക്ഷുകി", ഒ.എൻ.വിയുടെ "പെങ്ങൾ' എന്നീ കാവ്യങ്ങളുടെ രംഗാവിഷ്കാരം അവതരിപ്പിക്കുന്നതിലൂടെ സാമൂഹ്യ ഐക്യത്തിന്റെ സന്ദേശം പ്രചരിക്കുന്നുണ്ട്. സമൂഹത്തിന്റെ പുരോഗതിയ്ക്ക് ആക്കംകൂട്ടുന്ന വിധത്തിൽ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള കലാകാരന്മാരെ ഉൾപ്പെടുത്തി കേരള ലളിതകലാ അക്കാദമി കലാക്യാമ്പുകളും എക്സിബിഷനുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചു വരുന്നു. സാമൂഹിക ഐക്യം ഊട്ടി ഉറപ്പിക്കുന്നതിനും മതനിരപേക്ഷത

ശക്തിപ്പെടുത്തുന്നതിനും നവോത്ഥാന മൂല്യങ്ങൾ വീണ്ടെടുക്കുന്നതിനുമുള്ള ശ്രമങ്ങൾ സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നു വരികയാണ്. പുസ്തക പ്രസാധനം, ഡോക്യുമെന്ററികൾ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ വിപുലമായ സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്നത്. സമൂഹത്തിന്റെ അടിത്തട്ടോളം ചെല്ലുന്ന സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ഇന്ത്യയുടെ മതേതരഘടനയേയും ബഹുസ്വരസംസ്കൃതിയേയും സംരക്ഷിക്കാനുള്ള ശ്രമങ്ങളാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കേരള സാഹിത്യ അക്കാദമി ചരിത്രം, സംസ്കാരം, ഫോക് ലോർ എന്നീ രംഗങ്ങളിൽ ഗൗരവമേറിയ സെമിനാറുകൾ സംഘടിപ്പിക്കുകയും അതിന് ഉതകുന്ന രീതിയിലുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മലയാളം ഭാഷാ പഠനത്തിനായുള്ള കോഴ്സുകൾ, മലയാള സാഹിത്യത്തെയും സംസ്കാരത്തെയും പ്രചരിപ്പിക്കാനുള്ള റേഡിയോ മലയാളം പ്രക്ഷേപണം, ഭാഷാ അഭിമാനം വെളിവാകുന്ന തരത്തിലുള്ള സുവനീറുകൾ എന്നിവയിലൂടെ കേരളത്തിന്റെ സാംസ്കാരിക ഐക്യം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മലയാളം മിഷൻ നടത്തിവരുന്നു. ഒപ്പം റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്യുന്ന ‘പയമേ പണലി’ (ഗോത്ര കലാകാരന്മാരെയും എഴുത്തുകാരെയും അവതരിപ്പിക്കുന്ന പരിപാടി), നവോത്ഥാന നാടക പരമ്പര (അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്), കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ തുടങ്ങിയവ റേഡിയോ മലയാളം പ്രക്ഷേപണം ചെയ്തു വരുന്നു. ഇതുവഴി സാമൂഹിക ഐക്യം ഉറപ്പു വരുത്തുന്നു. സമം - സ്ത്രീപക്ഷ കേരളത്തിനായി ‘ഷീ റേഡിയോ’ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ്. ഒപ്പം ലക്ഷദ്വീപിലെ എഴുത്തുകാരനായ ഇസ്മത് ഹുസൈനുമായുള്ള അഭിമുഖം ‘എഴുത്തുമുറി’ എന്ന പരിപാടിയിലൂടെ റേഡിയോ മലയാളത്തിൽ സംപ്രേക്ഷണം ചെയ്തു. സാഹിത്യ നായകരുടെയും സാംസ്കാരിക പ്രവർത്തകരുടെയും അഭിപ്രായ രൂപീകരണത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനുമുള്ള സാമൂഹികവേദിയായി മലയാളം മിഷൻ മാറിയിട്ടുണ്ട്. ഒരു മാസം നീണ്ടു നിൽക്കുന്ന ‘നവോത്ഥാന

| | | | |
|---|---|---|---|
| | | | പ്രഭാഷണ പരമ്പരയിലൂടെ' നവോത്ഥാന മൂല്യങ്ങൾ വീണ്ടെടുക്കാനുള്ള ഊർജ്ജിത ശ്രമവും മലയാളം മിഷൻ നടത്തുകയാണ്. വിവിധ കലോത്സവങ്ങൾ, നാടകോത്സവങ്ങൾ, ശില്പശാലകൾ തുടങ്ങിയവ നടത്തുക, കലാ പഠനത്തിനുള്ള ധനസഹായം, ചികിത്സാധന സഹായം, കലാകാരപെൻഷൻ എന്നിവ ശുപാർശ ചെയ്യുക, അതിലൂടെ കലയെയും, കലാകാരന്മാരെയും സാംസ്കാരിക മണ്ഡലത്തെയും ഊർജ്ജ്വസ്വലമാക്കി സാമൂഹികപുരോഗതിക്ക് ആക്കം കൂട്ടുക തുടങ്ങിയ പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമി നിർവഹിക്കുന്നുണ്ട്.<br>യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലിംഗഭേദമന്യേ കലാസാംസ്കാരിക രംഗത്ത് സജീവമാക്കിക്കൊണ്ട് കേരളത്തിന്റെ നവോത്ഥാന ആശയങ്ങൾ പരിചയപ്പെടുത്തുവാൻ വിവിധ പരിപാടികൾ സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെലോഷിപ്പ് ലഭിക്കുന്ന കലാകാരന്മാർ സംസ്ഥാനവ്യാപകമായി നടത്തി വരുന്നു.<br>കേരളത്തിന്റെ പാരമ്പര്യ ഗൃഹനിർമ്മാണ രീതിയും ചുമർചിത്രരചനയും പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആറന്മുള വാസ്തുവിദ്യാഗുരുകുലം നടത്തിവരുന്നത്. ചുമർചിത്രരചനയിൽ നവോത്ഥാന ആശയങ്ങൾ വാസ്തുവിദ്യാഗുരുകുലം ഉൾക്കൊള്ളിക്കുന്നുണ്ട്.<br>സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സജീവമായ സാംസ്കാരിക പ്രവർത്തനങ്ങൾ സാധ്യമാക്കിക്കൊണ്ട് രാജ്യത്തിന്റെ മതേതരഘടനയേയും ബഹുസ്വര സംസ്കൃതിയേയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. |
| (സി) | സാമൂഹിക ഐക്യത്തിന് പ്രാമുഖ്യം നൽകുന്ന തരത്തിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് മുൻകൈയ്യെടുക്കുമോ? | (സി) | ബി) & സി) സാമൂഹിക ഐക്യവും മതനിരപേക്ഷതയും പുരോഗമന ആശയങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള വിപുലമായ ഒരു സാംസ്കാരിക വിദ്യാഭ്യാസ പരിപാടി സാംസ്കാരികകാര്യ വകുപ്പ് തയ്യാറാക്കി വരികയാണ്. സ്ത്രീസമത്വം, സ്ത്രീസുരക്ഷ തുടങ്ങിയ വിഷയങ്ങളിലെ പ്രചരണ പരിപാടികൾക്കായി 'സമം' എന്ന പേരിൽ ഒരു പരിപാടി ഇതിനകം ആരംഭിച്ച് കഴിഞ്ഞു. വിവിധ യുവജനക്ഷേമ ഏജൻസികളെയും യുവജന സംഘടനകളെയും ഏകോപിപ്പിച്ച് കൊണ്ട് വിപുലമായ ഒരു സാംസ്കാരിക വിദ്യാഭ്യാസ പ്രചരണ പരിപാടി തയ്യാറാക്കി വരികയാണ്. സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുവെ ജാതിമത വ്യവസ്ഥകൾക്കതീതമായതും സാമൂഹ്യ ഐക്യത്തിൽ ഊന്നിയതുമാണ്. കേരളത്തിലെ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന ഒരു |

സുപ്രധാന പദ്ധതി സർക്കാർ നടപ്പിലാക്കി വരികയാണ്. ജാതിമത ഭേദമന്യേ കേരളത്തിന്റെ സാമൂഹിക ഐക്യത്തിനും നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനും നിലകൊണ്ട 14 നവോത്ഥാന നായകരുടെ നാമധേയമാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾക്ക് നൽകിയിട്ടുള്ളത്. സാംസ്കാരിക ഡയറക്ടറേറ്റ് മുഖേന 38 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്. ഈ സ്ഥാപനങ്ങൾ കലാസാംസ്കാരിക മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രശസ്തരായ കലാകാരന്മാരുടെ നാമധേയത്തിൽ ഉള്ളതും അതാത് പ്രദേശത്തെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവയുമാണ്. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും പൈതൃകത്തെ സംരക്ഷിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് റൂറൽ ആർട്ട് ഹബ്ബ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ വ്യത്യസ്തങ്ങളായ പാരമ്പര്യ കരകൗശല രൂപങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കേരളത്തിലെ കലാ സാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 47കലാരൂപങ്ങളിൽ കലാപരിശീലനം നൽകി വരുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ നാടൻ കലാരൂപങ്ങളും വിവിധ പാരമ്പര്യ കലകളും ഉൾപ്പെടുന്നുണ്ട്. സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന ഇത്തരം പദ്ധതികളിലൂടെ സമൂഹത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നതിനും സാംസ്കാരിക രംഗം ശക്തിപ്പെടുത്തുന്നതിനും സാധ്യമാകുന്നുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് പയ്യന്നൂർ, തവനൂർ, പാലക്കാട്, വൈക്കം, വെങ്ങാനൂർ എന്നീ അഞ്ച് പ്രധാന കേന്ദ്രങ്ങളിൽ മഹാത്മാഗാന്ധിയുടെ എഴുപതാം രക്തസാക്ഷിത്വ വാർഷികാചരണ പരിപാടിയായ ‘രക്തസാക്ഷ്യം’ സാംസ്കാരിക വകുപ്പ് ആചരിക്കുകയും രക്തസാക്ഷ്യം സോവനീർ പ്രസിദ്ധീകരിക്കുകയും ചെയ്തു. സാംസ്കാരിക രംഗം ശക്തിപ്പെടുത്തുന്നതിന് നവോത്ഥാന/ മാനവിക ആശയങ്ങൾ ഉൾക്കൊള്ളുന്ന കവിതകൾ കേരളനടനത്തിൽ ചിട്ടപ്പെടുത്തി സാംസ്കാരിക വകുപ്പ് നവമാധ്യമങ്ങളിലൂടെയും സാംസ്കാരിക വേദിയിലൂടെയും അവതരിപ്പിച്ചുവരുന്നു. ശ്രീനാരായണ ഗുരുവിന്റെ “ദൈവദശകം”, കുമാരനാശാന്റെ “ചണ്ഡാല ഭിക്ഷുകി”,

ഒ.എൻ.വിയുടെ "പെങ്ങൾ' എന്നീ കാവ്യങ്ങളുടെ രംഗാവിഷ്കാരം അവതരിപ്പിക്കുന്നതിലൂടെ സാമൂഹ്യ ഐക്യത്തിന്റെ സന്ദേശം പ്രചരിക്കുന്നുണ്ട്. സമൂഹത്തിന്റെ പുരോഗതിയ്ക്ക് ആക്കംകൂട്ടുന്ന വിധത്തിൽ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള കലാകാരന്മാരെ ഉൾപ്പെടുത്തി കേരള ലളിതകലാ അക്കാദമി കലാക്യാമ്പുകളും എക്സിബിഷനുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചു വരുന്നു. സാമൂഹിക ഐക്യം ഊട്ടി ഉറപ്പിക്കുന്നതിനും മതനിരപേക്ഷത ശക്തിപ്പെടുത്തുന്നതിനും നവോത്ഥാന മൂല്യങ്ങൾ വീണ്ടെടുക്കുന്നതിനുമുള്ള ശ്രമങ്ങൾ സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നു വരികയാണ്. പുസ്തക പ്രസാധനം, ഡോക്യുമെന്ററികൾ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ വിപുലമായ സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്നത്. സമൂഹത്തിന്റെ അടിത്തട്ടോളം ചെല്ലുന്ന സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ഇന്ത്യയുടെ മതേതരഘടനയേയും ബഹുസ്വരസംസ്കൃതിയേയും സംരക്ഷിക്കാനുള്ള ശ്രമങ്ങളാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കേരള സാഹിത്യ അക്കാദമി ചരിത്രം, സംസ്കാരം, ഫോക് ലോർ എന്നീ രംഗങ്ങളിൽ ഗൗരവമേറിയ സെമിനാറുകൾ സംഘടിപ്പിക്കുകയും അതിന് ഉതകുന്ന രീതിയിലുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മലയാളം ഭാഷാ പഠനത്തിനായുള്ള കോഴ്സുകൾ, മലയാള സാഹിത്യത്തെയും സംസ്കാരത്തെയും പ്രചരിപ്പിക്കാനുള്ള റേഡിയോ മലയാളം പ്രക്ഷേപണം, ഭാഷാ അഭിമാനം വെളിവാകുന്ന തരത്തിലുള്ള സുവനീറുകൾ എന്നിവയിലൂടെ കേരളത്തിന്റെ സാംസ്കാരിക ഐക്യം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മലയാളം മിഷൻ നടത്തിവരുന്നു. ഒപ്പം റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്യുന്ന 'പയമേ പണലി' (ഗോത്ര കലാകാരന്മാരെയും എഴുത്തുകാരെയും അവതരിപ്പിക്കുന്ന പരിപാടി), നവോത്ഥാന നാടക പരമ്പര (അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്), കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ തുടങ്ങിയവ റേഡിയോ മലയാളം പ്രക്ഷേപണം ചെയ്തു വരുന്നു. ഇതുവഴി സാമൂഹിക ഐക്യം ഉറപ്പു വരുത്തുന്നു. സമം - സ്ത്രീപക്ഷ കേരളത്തിനായി 'ഷീ റേഡിയോ' എന്ന

| | | | |
|---|---|---|---|
| | | | പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ്. ഒപ്പം ലക്ഷദ്വീപിലെ എഴുത്തുകാരനായ ഇസ്മത് ഹുസൈനുമായുള്ള അഭിമുഖം ‘എഴുത്തുമുറി’ എന്ന പരിപാടിയിലൂടെ റേഡിയോ മലയാളത്തിൽ സംപ്രേക്ഷണം ചെയ്തു. സാഹിത്യ നായകരുടെയും സാംസ്കാരിക പ്രവർത്തകരുടെയും അഭിപ്രായ രൂപീകരണത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനുമുള്ള സാമൂഹികവേദിയായി മലയാളം മിഷൻ മാറിയിട്ടുണ്ട്. ഒരു മാസം നീണ്ടു നിൽക്കുന്ന ‘നവോത്ഥാന പ്രഭാഷണ പരമ്പരയിലൂടെ’ നവോത്ഥാന മൂല്യങ്ങൾ വീണ്ടെടുക്കാനുള്ള ഊർജ്ജിത ശ്രമവും മലയാളം മിഷൻ നടത്തുകയാണ്. വിവിധ കലോത്സവങ്ങൾ, നാടകോത്സവങ്ങൾ, ശില്പശാലകൾ തുടങ്ങിയവ നടത്തുക, കലാ പഠനത്തിനുള്ള ധനസഹായം, ചികിത്സാധന സഹായം, കലാകാരപെൻഷൻ എന്നിവ ശുപാർശ ചെയ്യുക, അതിലൂടെ കലയെയും, കലാകാരന്മാരെയും സാംസ്കാരിക മണ്ഡലത്തെയും ഊർജ്ജസ്വലമാക്കി സാമൂഹികപുരോഗതിക്ക് ആക്കം കൂട്ടുക തുടങ്ങിയ പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമി നിർവഹിക്കുന്നുണ്ട്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലിംഗഭേദമന്യേ കലാസാംസ്കാരിക രംഗത്ത് സജീവമാക്കിക്കൊണ്ട് കേരളത്തിന്റെ നവോത്ഥാന ആശയങ്ങൾ പരിചയപ്പെടുത്തുവാൻ വിവിധ പരിപാടികൾ സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെലോഷിപ്പ് ലഭിക്കുന്ന കലാകാരന്മാർ സംസ്ഥാനവ്യാപകമായി നടത്തി വരുന്നു. കേരളത്തിന്റെ പാരമ്പര്യ ഗൃഹനിർമ്മാണ രീതിയും ചുമർചിത്രരചനയും പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആറന്മുള വാസ്തുവിദ്യാഗുരുകുലം നടത്തിവരുന്നത്. ചുമർചിത്രരചനയിൽ നവോത്ഥാന ആശയങ്ങൾ വാസ്തുവിദ്യാഗുരുകുലം ഉൾക്കൊള്ളിക്കുന്നുണ്ട്. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സജീവമായ സാംസ്കാരിക പ്രവർത്തനങ്ങൾ സാധ്യമാക്കിക്കൊണ്ട് രാജ്യത്തിന്റെ മതേതരഘടനയേയും ബഹുസ്വര സംസ്കൃതിയേയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ